# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: സി3/498/2011

തൈക്കാട്, തിരുവനന്തപുരം-14
തീയതി:21.01.2011

## വിജ്ഞാപനം

**2009-2010 വർഷങ്ങളിൽ പുതിയ ഐ.ടി.സി/ട്രേഡ് ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചവരും എന്നാൽ 2010-ൽ അഫിലിയേഷൻ പരിശോധനകളിൽ പരാജയപ്പെട്ടവരുമായ അപേക്ഷകർക്ക് ഐടിസി/ട്രേഡ് അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.**

സംസ്ഥാനത്ത്, പുതിയ ഐ.ടി.സി.കൾ ആരംഭിക്കുന്നതിനും; വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ, നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്-ന്റെ അഫിലിയേഷൻ ലഭിച്ചിട്ടുള്ള ട്രേഡുകൾ/യൂണിറ്റുകൾ നടത്തപ്പെടുന്ന ഐ.ടി.സി.കളിൽ നിലവിലുള്ള ട്രേഡുകളോടൊപ്പം എൻ.സി.വി.റ്റി. അംഗീകരിച്ചിട്ടുള്ള പുതിയ ട്രേഡുകൾ/യൂണിറ്റുകൾ ആരംഭിക്കുന്നതിനും, 2010 വർഷത്തിൽ അപേക്ഷിച്ചവരിൽ ഐടിസി/ട്രേഡുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി പരിശോധനാ ഫീസ് അടയ്ക്കുകയും എന്നാൽ അഫിലിയേഷൻ പരിശോധനകളിൽ പരാജയപ്പെട്ടവരുമായ അപേക്ഷകരിൽ നിന്നും 2010-ൽ താൽക്കാലിക അനുമതി നൽകിയ അതേ ട്രേഡുകളും യൂണിറ്റുകളും ആരംഭിക്കുന്നതിനും, 2009 ൽ അപേക്ഷിക്കുകയും ട്രേഡുകൾ/യൂണിറ്റികൾക്ക് താൽക്കാലിക അനുമതി നൽകുകയും ചെയ്ത ഐടിസികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നു എങ്കിലും അഫിലിയേഷന് പരിശോധനകളിൽ ശുപാർശ ചെയ്യപ്പെടാതെ വരുകയും ചെയ്ത കാരണത്താൽ, വീണ്ടും 2010-ൽ അപേക്ഷ സമർപ്പിക്കുകയും എന്നാൽ ദൂര പരിധിയുടെ കാരണത്താൽ അനുമതി നിഷേധിക്കപ്പെടുകയും ഈ തീരുമാനത്തെ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്ത അപേക്ഷകരിൽ നിന്നും മാത്രമായി നിർദ്ദിഷ്ട ഫോമിൽ, സർക്കാർ അനുവാദത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു. 2011 വർഷത്തിലേക്കായി ഐടിസികൾക്കും ട്രേഡുകൾക്കുമായി പുതിയ അപേക്ഷകരെ പരിഗണിക്കുന്നതല്ല. സോൾ പ്രൊപ്രൈറ്റി കമ്പനി, പ്രൈവറ്റ്/പബ്ലിക് ലിമിറ്റഡ് കമ്പനി, കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനികൾ തുടങ്ങിയവയ്ക്കും വിവിധ ആക്ടുകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കും ട്രസ്റ്റുകൾക്കും കൂടാതെ സെസ്സ് പ്രമോട്ടർമാർക്കും മാത്രമേ ഐടിസികൾ/ട്രേഡുകൾ ആരംഭിക്കുവാൻ അനുമതി നൽകുകയുള്ളു.

അപേക്ഷകർ, അപേക്ഷിക്കുന്ന ട്രേഡുകൾ സ്ഥാപനത്തിന്റെ പത്തു കിലോമീറ്റർ ദൂര പരിധിയിൽ മറ്റു ഐടിസികളിൽ നടത്തപ്പെടുന്നില്ല എന്ന അഫിഡാവിറ്റുകൂടി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. അപേക്ഷകളുടെ അടിസ്ഥാനത്തിൽ പുതിയ ഐ.ടി.സി.കളും ട്രേഡുകളും യൂണിറ്റുകളും തുടങ്ങുന്നതിനുള്ള സജ്ജീകരണങ്ങൾക്കായുള്ള താൽക്കാലിക അനുവാദം നൽകുന്നത്, തൊഴിൽ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അഫിലിയേഷൻ, ട്രേഡുകൾക്കും യൂണിറ്റുകൾക്കും ലഭിച്ചതിനു ശേഷം മാത്രമേ പരിശീലനാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അനുമതി ലഭിക്കുകയുള്ളു.

........2.

പുതിയ ഐ.ടി.സി.കൾ ആരംഭിക്കുന്നതിനുള്ള അപേക്ഷാ ഫോമുകൾ 23.11.1998 ലെ G.O.(MS) No.2931/98/Fin. നമ്പർ സർക്കാർ ഉത്തരവു പ്രകാരം **5000/- രൂപാ** നിരക്കിലും, എൻ.സി.വി.ടി. അഫിലിയേഷൻ ലഭിച്ചിട്ടുള്ള ട്രേഡുകൾ/യൂണിറ്റുകൾ നടത്തപ്പെടുന്ന ഐ.ടി.സി.കളിൽ പുതിയ ട്രേഡുകൾ/യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷാ ഫോമുകൾ **2,000/- രൂപാ** നിരക്കിലും **31.1.2011** വരെ തിരുവനന്തപുരം തൈക്കാടുള്ള ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.30 മുതൽ വൈകുന്നേരം 4 മണി വരെ നേരിട്ട് പണമടച്ച് വാങ്ങാവുന്നതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, മണിയോർഡർ, ബാങ്കേഴ്സ് ചെക്ക് മുതലായവ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച അപേക്ഷകൾ നിശ്ചിത ഉള്ളടക്കങ്ങൾ സഹിതം **31.1.2011 ന് വൈകുന്നേരം 5 മണിക്ക്** മുമ്പായി തിരുവനന്തപുരം തൈക്കാടുള്ള ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സൊസൈറ്റി/കമ്പനി/ട്രസ്റ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, മറ്റു അനുബന്ധ രേഖകൾ എന്നിവ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്.

അപേക്ഷാ ഫോമുകൾ **2011 ഫെബ്രുവരി 10 വരെ** നിലവിലുള്ള നിരക്കിലുള്ള **ലേറ്റ് ഫീയോടു** കൂടി വിതരണം നടത്തുന്നതും, പൂരിപ്പിച്ച അപേക്ഷകൾ **അന്നേദിവസം വൈകിട്ട് 5 മണി വരെ** സ്വീകരിക്കുന്നതുമാണ്. 10.2.2011 നു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിശദവിവരങ്ങൾ **0471-2322490** എന്ന ടെലഫോൺ നമ്പരിലും വ്യാവസായിക പരിശീലന വകുപ്പിന്റെ തൈക്കാടുള്ള ആസ്ഥാന കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. അഫിലിയേഷൻ/ട്രേഡുകൾ/സിലബസ് സംബന്ധിച്ച വിവരങ്ങൾ **http://dget.nic.in** എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

ഒപ്പ്
**ട്രെയിനിംഗ് ഡയറക്ടർ**

//അംഗീകാരത്തോടെ//

ബി.ശ്രീകുമാർ

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്